പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1910</u> <u>17.06.2013 ൽ മറുപടിക്ക്</u>

<u>സ്റ്റുഡന്റ് കേഡറ്റ് പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. വർക്കല കഹാർ<br>'' ബെന്നി ബെഹനാൻ<br>'' വി. ഡി. സതീശൻ<br>'' ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | സ്റ്റുഡന്റ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) | പൗരബോധവും, ലക്ഷ്യബോധവും, കാര്യശേഷിയും, സേവന സന്നദ്ധതയും, സാമൂഹ്യപ്രതിബദ്ധതയും, നിയമം സ്വമേധയാ അനുസരിക്കുകയും ചെയ്യുന്ന ഒരു യുവജനതയെ വാർത്തെടുക്കുകയാണ് ഉദ്ദേശ ലക്ഷ്യം. |
| (ബി) | സംസ്ഥാനത്ത് ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ സംവിധാനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; | (സി) യും (ഡി) യും | കുട്ടികളുടേയും സമൂഹത്തിന്റേയും നന്മക്കുവേണ്ടി വിവിധ കമ്മ്യൂണിറ്റി പ്രോജക്ടുകൾ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് പദ്ധതിയിൽ പ്രവർത്തിക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ വാർഷിക ആക്ടിവിറ്റി കലണ്ടർ പ്രകാരം സ്കൂളുകളിൽ കേഡറ്റുകളുടെ പരിശീലനം നടപ്പിലാക്കിവരുന്നു. കേഡറ്റുകൾക്ക് പരിശീലനം നൽകുന്നതിനായി ഓരോ സ്കൂളുകളിലും രണ്ട് അദ്ധ്യാപകരെ കമ്മ്യൂണിറ്റി |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | | |

→

പോലീസ് ഓഫീസർമാരായും സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ നിന്നും രണ്ട് പോലീസ് ഉദ്യോഗസ്ഥരെ ഡ്രിൽ ഇൻസ്പെക്ടർമാരായും നിയമിച്ചിട്ടുണ്ട്. ഇതിലേക്കായി ഈ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. 19 പോലീസ് ജില്ലകളിലും പദ്ധതിയുടെ ജില്ലാതല പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി ഡി.വൈ.എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഒരു യോഗം എല്ലാ മാസവും സ്റ്റേറ്റ് നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. മൂന്നുമാസത്തിലൊരിക്കൽ സംസ്ഥാന ഉപദേശക സമിതി യോഗം ചേർന്ന് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വിശകലനം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പദ്ധതിയുമായി സഹകരിക്കുന്ന വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്; വിശദമാക്കുമോ?

(ഇ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കേഡറ്റുകൾക്ക് യൂണിഫോം ഉള്ള (പോലീസ്, ഫയർ & റെസ്ക്യൂ, ജയിൽ, എക്സൈസ്, മോട്ടോർ വാഹനം, വനം വകുപ്പ്) സർവ്വീസുകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിന് വെയിറ്റേജ് നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. പദ്ധതി പ്രവർത്തനങ്ങളിൽ 75% ഹാജർ

ഉള്ള എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് വാർഷിക പൊതു പരീക്ഷക്ക് 5% ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ